തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിൽ സ്വകാര്യ പങ്കാളിത്തം

14 (*537) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പശ്ചാത്തല വികസനത്തിന് സഹായിക്കാമെന്ന് സമ്മതിച്ചുകൊണ്ട് എത്ര സ്ഥാപനങ്ങളും വ്യക്തികളും മുന്നോട്ടു വന്നിട്ടുണ്ട് ;

(ബി) എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഇവർ സഹായം നൽകാമെന്നേറ്റിട്ടുള്ളത് ;

(സി) ഇതുവരെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വികസന പദ്ധതിയിൽ ആരുടെയെങ്കിലും സ്വകാര്യ പങ്കാളിത്തം നേടാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമ്മതത്തോടു കൂടി പ്രോജക്ടുകൾ നടപ്പിലാക്കാൻ 16 സ്ഥാപനങ്ങൾ മുന്നോട്ടു വന്നിട്ടുണ്ട്. (ജിം-ൽ വച്ച്) ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു†.

(ബി) മേൽപ്പറഞ്ഞ 16 സ്ഥാപനങ്ങൾ സമർപ്പിച്ച പ്രോജക്ടുകളിൽ 11 പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ധാരണാ പത്രം ഒപ്പു വച്ചിട്ടുണ്ട്. വ്യവസ്ഥകൾക്ക് അന്തിമ രൂപം നൽകിയിട്ടില്ല. നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(സി&ഡി) തിരുവനന്തപുരം നഗരസഭയുടെ വിളപ്പിൽശാല മാലിന്യ സംസ്കരണ ശാലയും വിശാല കൊച്ചി വികസന അതോറിട്ടിയുടെ മട്ടാഞ്ചേരി പാലവും ബി.ഒ.റ്റി വ്യവസ്ഥയിൽ സ്ഥാപിച്ചിട്ടുള്ളതാണ്. തിരുവനന്തപുരത്ത് സലഭ ഇന്റർ പബ്ലിക് യൂട്ടിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly